Chairman (**Shri J. A. Chacko**) : The Bill stands introduced.

(c) RESOLUTION

(i) Difficulties arising from the non-recognition of Polytechnic Diplomas

ശ്രീ. പി. ജി. പുരുഷോത്തമൻ പിള്ള : സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നു. "നമ്മുടെ ഗവണ്മെന്റ് നൽകുന്ന പോളീടെക്നിക്ക് ഡിപ്ലോമാസ്സ് കേന്ദ്ര ഗവണ്മെന്റ് അംഗീകാരം നൽകാത്തതുമൂലം നമ്മുടെ നാട്ടിൽനിന്നും വെളിയിൽപോയി ഉദ്യോഗം തേടുന്നവക്കും, ഉദ്യോഗത്തിലിരിക്കുന്നവക്കും നേരിടുന്ന ബുദ്ധിമുട്ട പരിഗണിച്ച് പ്രസ്തുത ഡിപ്ലോമാ കേന്ദ്ര ഗവണ്മെന്റിനെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിനാവശ്യമായ നടപടികളും ഉടനടി എടുക്കണമെന്നു ഈ സഭ ഗവണ്മെന്റിനോടഭ്യർത്ഥിക്കുന്നു".

സർ, നമ്മുടെ സംസ്ഥാനത്തെ നേരിടുന്ന ഏറ്റവും വലിയ ഒരു പ്രശ്നമാണ് വിദ്യാഭ്യാസമുള്ളവരുടെ തൊഴിലില്ലായ്മ പ്രശ്നം. കുറെ നാളു മുമ്പുവരെ സാങ്കേതിക വിദ്യാഭ്യാസം സിദ്ധിച്ചവക്കു തൊഴിലില്ലായ്മ ഒരു പ്രശ്നമായിരുന്നില്ല. ഇന്നിപ്പോൾ അതും ഒരു വലിയ പ്രശ്നമായിരിക്കുകയാണ്. നമ്മുടെ ഈ സംസ്ഥാനത്തു വർഷംതോറും പോളീടെക്നിക്ക് ഡിപ്ലോമാ പാസ്സാകുന്ന പരശ്ശതം യുവാക്കന്മാർ വെളിയിൽപോയി കേന്ദ്ര ഗവണ്മെന്റിന്റെയും മറ്റു സ്ഥലങ്ങളിലുള്ള പ്രോജക്ടുകളിലും ജോലി നോക്കിയിരുന്നു. ഇന്നു അങ്ങനെ ജോലി ലഭിക്കാത്തതുകൊണ്ടുള്ള ശുഷ്കമായ പ്രതിസന്ധിയെപ്പറ്റി ബഹുമാനപ്പെട്ട ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയും ഇതിനുവേണ്ട നടപടി സ്വീകരിക്കണമെന്നു അപേക്ഷിക്കാൻ വേണ്ടിയുമാണ് ഞാൻ ഈ പ്രമേയം അവതരിപ്പിച്ചതു്. എന്റെ അറിവു ശരിയാണെങ്കിൽ ഈ സംസ്ഥാനത്തു ആകെ 17 പോളീടെക്നിക്കുകളാണുള്ളതു്. ഈ പോളീടെക്നിക്കുകളിലെ ഡിപ്ലോമാ അംഗീകരിക്കുന്നതിനെസംബന്ധിച്ചാണു ഇന്നു തർക്കമുള്ളതു്. 1957—വരെ ഈ പോളീടെക്നിക്കുകളിൽ ഡിപ്ലോമാ നൽകിയിരുന്നതു് സർവ്വകലാശാലയാണു്. 1960—ൽ ഈ ഉത്തരവാദിത്വം ഗവണ്മെന്റ് ഏറ്റെടുക്കുകയുണ്ടായി. ഈ ഗവണ്മെന്റ് ഏറ്റെടുത്തപ്പോൾ ആദ്യം വിദ്യാഭ്യാസ ഡയറക്ടർ ആണു് ഡിപ്ലോമാ നൽകിയിരുന്നതു്. സെൻട്രൽ ഗവണ്മെന്റ് ഈ പോളീടെക്നിക്കുകൾക്കു് അംഗീകാരം നൽകുന്നതു് ഓരോരോ ഇൻസ്റ്റിറ്റ്യൂഷനെ ആസ്പദമാക്കിയാണു്. ഏതെങ്കിലും സംസ്ഥാനത്തുനിന്നു ടെക്നിക്കൽ ഡിപ്ലോമായുടെ റെക്കഗ്നിഷൻ നൽകിയിട്ടില്ല. 29-10-1960-ൽ ഗവണ്മെന്റ് ഓഫ് ഇൻഡ്യ എഴുതിയിട്ടുള്ള ഒരെഴുത്തിൽ അംഗീകാരം നൽകിയതു് കേവലം ഒന്നിനമാത്രമാണു്. നമ്മുടെ കളമശ്ശേരി പോളീടെക്നിക്കിൽ 3 കൊല്ലത്തെ അദ്ധ്യയനം പൂർത്തിയാക്കി ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ നടത്തുന്ന ഡിപ്ലോമാ എടുത്തിട്ടുള്ളവർക്കാണു അന്നു അംഗീകാരം നൽകിയതു്. അതിനെ തുടർന്നു ഓരോരോ സ്ഥാപനങ്ങൾക്കും അംഗീകാരം നൽകി. ഇന്നിപ്പോൾ 17 സ്ഥാപനങ്ങളിൽനിന്നു ജയിച്ചവക്കും അംഗീകാരം നൽകിയതായി സമ്മതിച്ചിട്ടുണ്ട്. എന്നാൽ മറ്റൊരു പ്രശ്നം ഇപ്പോൾ പൊന്തിവന്നിരിക്കുന്നു. അതായതു ഇവിടെനിന്നു നൽകുന്ന ഡിപ്ലോമായിൽ ഏതു സ്ഥാപനത്തിൽനിന്നാണു പഠനം പൂർത്തിയാക്കിയിട്ടുള്ളതെന്നു രേഖപ്പെടുത്തിയിട്ടില്ല. തൻമൂലം പല വിവാദങ്ങൾക്കും കുഴപ്പങ്ങൾക്കും കാരണമാകുന്നുണ്ട്. പ്രത്യേകിച്ചു ഇന്നു വടക്കെ ഇൻഡ്യയിൽ പൊതുവെ നമ്മുടെ നാട്ടുകാരായ ചെറുപ്പക്കാരോടുള്ള വിപ്രതിപത്തി കൂടിയായപ്പോൾ കുനിന്മേൽ കുരു എന്ന മട്ടിലായി. പ്രമോഷന്റെ കാര്യം, കൺഫർമേഷന്റെ കാര്യം ഇതൊക്കെ വരുമ്പോൾ ഈ പ്രശ്നം പൊന്തിവരുന്നുണ്ട്. പലരും ഇതുമൂലം വളരെയധികം ബുദ്ധിമുട്ടുകൾ സഹിക്കുന്നുണ്ട്. ഇതിനെ സംബന്ധിച്ചു് വളരെയധികം എഴുത്തുകുത്തുകളും നമ്മുടെ ഗവണ്മെന്റും, കേന്ദ്ര ഗവണ്മെന്റും ഞാൻ മുമ്പു പറഞ്ഞ സ്ഥാപനങ്ങളുമൊക്കെയായിട്ടു് നടത്തിയിട്ടുണ്ട്. ഇന്നിപ്പോൾ എന്റെ ശ്രദ്ധയിൽ ഈ പ്രശ്നം വരാൻ ഇടയായതു് Board of Technical Education—ൽ ജോലി നോക്കുന്ന കുറെ ചെറുപ്പക്കാർക്കു്

LIBRARY ARCHIVES Kerala Legislative Assembly

നേരിട്ട പ്രശ്നം മൂലമാണു്. 1969 ജൂലൈ മാസം 8–ാം തീയതി മിനിസ്ട്രി ഓഫ് എഡ്യൂക്കേഷനിൽനിന്നും അയച്ചിട്ടുള്ള എഴുത്തിൽ ഒരു കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

"It is also understood from the communication that the Kerala Government have not indicated the names of the institutions where the candidates study for these diploma courses. In such cases, it is suggested that the candidate concerned should be asked to submit the names of the institutions where they studied for their diplomas." അപ്പോഴും ഇന്നു ഈ ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷനിൽനിന്നും അത്തരത്തിലുള്ള സർട്ടിഫിക്കറ്റു് ലഭിക്കുകയാണെങ്കിൽ ഈ പ്രശ്നത്തിനു ഏറെക്കുറെ പരിഹാരമുണ്ടാകും. നേരത്തെ പറഞ്ഞതുപോലുള്ള പ്രിജുഡീസ് മാത്രമല്ല ഇതിനു കാരണം. ഇവിടുന്നു തന്നിരിക്കുന്ന ഡിപ്ലോമാതന്നെ നോക്കുമ്പോഴും വളരെയധികം തെറ്റിദ്ധാരണയ്ക്കു് ഇടനൽകും. കാരണം കുറെ ഡിപ്ലോമാ യൂണിവേഴ്സിറ്റി നൽകുന്നുണ്ടു്. കുറെ ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ നൽകുന്നുണ്ടു്. വേറെ കുറെ ഇവിടത്തെ കമ്മീഷണർ ഓഫ് എക്സാമിനേഷനുവേണ്ടി സെക്രട്ടറി നൽകുന്നുണ്ടു്. ഇതെല്ലാം ഒറ്റനോട്ടത്തിൽ വ്യത്യസ്ഥമായി തോന്നും. അതിനുംപുറമെ കേരള ഗവണ്മെൻറു് ടെക്നിക്കൽ എക്സാമിനേഷന്റെ ഡിപ്ലോമായും കിട്ടിയവരുണ്ടു്. കേരള ഗവണ്മെൻറു് ടെക്നിക്കൽ എക്സാമിനേഷനു് ഇരിക്കുന്നതിനു് ഇന്നയിന്ന ഇൻസ്റ്റിറ്റ്യൂഷനിൽതന്നെ പഠിച്ചിരിക്കണമെന്നു് നിർബന്ധമില്ല. ഇതിനെല്ലാം പുറമെ കേരള ഗവണ്മെൻറിന്റെ എംബ്ലം മാറിയതുകൊണ്ടും ഈ ഡിപ്ലോമായിൽ വ്യത്യസ്ഥ എംബ്ലം നിലനിൽക്കുന്നുണ്ടു്. ഇതെല്ലാം ഒന്നു പരിഹരിക്കുന്നതിനുവേണ്ടി ഇപ്പോഴും എഴുത്തുകുത്തു നടത്തുന്നുണ്ടു്. ഇതുകൊണ്ടു മാത്രം സ്ഥിരമായ പരിഹാരം കാണുമെന്നു എനിക്കഭിപ്രായമില്ല. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി മിനിസ്റ്റീരിയൽ നിലവാരത്തിൽ റെപ്രസൻറു ചെയ്യുകയും കേന്ദ്ര വിദ്യാഭ്യാസമന്ത്രിയുമായി ആമുഖസംഭാഷണം നടത്തി ഇതെല്ലാം അംഗീകൃത ഇൻസ്റ്റിറ്റ്യൂഷൻസു് നടത്തുന്നതാണെന്നു പറയുകയും വേണം. ആവശ്യമാണെന്നു തോന്നുകയാണെങ്കിൽ മതിയായ സാക്ഷിപത്രം കൊടുക്കാൻ ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷനു ആവശ്യമായ നിർദ്ദേശവും നൽകണം. എനിക്കു കിട്ടിയ പരാതിയിൽ ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ വേണ്ടത്ര സൗഹൃദപൂർവ്വമായി ഇക്കാര്യം കൈകാര്യം ചെയ്തിട്ടില്ലെന്നു് കാണാൻ കഴിയും. ഇതുംകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇതിനാവശ്യമായ നടപടികളും സത്വരമായി എടുക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ടു് ഞാൻ എന്റെ വാക്കുകളും അവസാനിപ്പിക്കുന്നു.

ഡാക്ടർ പി. കെ. സുകുമാരൻ : ഞാൻ പിൻതാങ്ങുന്നു.

ശ്രീ. പി. കുഞ്ഞിരാമക്കിടാവു് : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിൽ "അംഗീകാരം നൽകാത്തതു മൂലം" എന്നതിനു പകരം "അംഗീകാരം നൽകാത്തതിൽ പ്രതിഷേധിക്കുന്നതോടൊപ്പം" എന്നു ചേർക്കുക.

സർ, ഇതു വളരെയധികം ചെറുപ്പക്കാരെ സ്പർശിക്കുന്ന ഒരു പ്രശ്നമെന്ന നിലക്കു് കേന്ദ്രഗവണ്മെൻറു് നമ്മുടെ നേരെ അനുവർത്തിക്കുന്ന നയത്തിൽ പ്രതിഷേധിക്കാതിരിക്കാൻ നിവൃത്തിയില്ല. ഇന്നു് ഡിപ്ലമോ പാസായ പല ആളുകൾക്കും അംഗീകാരം നൽകാത്തതിന്റെ അടിസ്ഥാനത്തിൽ ജോലി നഷ്ടപ്പെട്ടിരിക്കുകയാണു്. ഇൻഡ്യയിൽ ഏതു സ്ഥലത്തും ജോലി ചെയ്യാനും പാർക്കാനും അവകാശമുള്ള ഒരു ഇൻഡ്യൻ പൗരനു് കേന്ദ്രഗവണ്മെൻറിന്റെ ഈ നയം നിമിത്തം ഭരണഘടനാപരമായ അവകാശം പോലും നിഷേധിക്കപ്പെട്ടിരിക്കുകയല്ലേ എന്നു ഞാൻ സംശയിക്കുന്നു. അതുകൊണ്ടു് ഈ പ്രമേയത്തിൽ പറഞ്ഞിരിക്കുന്ന വസ്തുതകളോടു് പരിപൂർണ്ണമായി യോജിക്കുന്നതോടൊപ്പം കേന്ദ്രഗവണ്മെൻറിന്റെ ഈമാതിരിയുള്ള പ്രവർത്തനങ്ങളിൽ പ്രതിഷേധിക്കാതിരിക്കാൻ നിവൃത്തിയില്ല. അതിന്റെ അടിസ്ഥാനത്തിലാണു് ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഓ. കോരൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിന്റെ 8–ാമത്തെ വരിയിൽ ''ഗവണ്മെന്റിനെക്കൊണ്ട്'' എന്നതിനുശേഷം ''ഉടനടി'' എന്നു ചേർക്കുക. പ്രമേയം അവതരിപ്പിച്ചുകൊണ്ട് പ്രമേയകർത്താവു് നമ്മുടെ നാട്ടിലെ പോളി ടെക്നിക്കുകളിൽനിന്നു പുറത്തുവന്നിട്ടുള്ള ആളുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന വിഷമ പ്രശ്നങ്ങളെപ്പറ്റി പ്രതിപാദിച്ചു. കേരളം തൊഴിലില്ലായ്മ കൊടുമ്പിരിക്കൊള്ളുന്ന ഒരു നാടാണു് അതു പോലെ ഇന്നു് സാങ്കേതിക വിദ്യാഭ്യാസം കഴിഞ്ഞു് പുറത്തുവരുന്നവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്കു് വളരെവേഗം പരിഹാരം കണ്ടെങ്കിൽ മാത്രമേ തൊഴിലില്ലായ്മ പ്രശ്നത്തിനു് പരിഹാരം കാണാൻ സാധിക്കുകയുള്ളു. ഇതിനു് അൽപ്പമെങ്കിലും പരിഹാരമുണ്ടാക്കാൻ കേന്ദ്രഗവണ്മെന്റിനെക്കൊണ്ടു് വളരെവേഗം പരിഹാര നടപടികളും സ്വീകരിപ്പിക്കണം. അടുത്ത അവസരത്തിൽ പാകിസ്ഥാനും ഇൻഡ്യയും തമ്മിൽ നടന്ന അതിർത്തിയിലെ ഏറ്റുമുട്ടൽ സമയത്തു് കൂടുതൽ സാങ്കേതിക വിദഗ്ദ്ധന്മാരിൽ വാർത്തെടുക്കുന്നതിനു് കൂടുതൽ സ്ഥാപനങ്ങളും ഉണ്ടാക്കി കൂടുതൽ ആളുകൾക്കു് സാങ്കേതിക പരിശീലനം നൽകിയിട്ടുണ്ടു്. പാകിസ്ഥാനും ഇൻഡ്യയും തമ്മിലുള്ള യുദ്ധം അവസാനിച്ചശേഷം ഈ വിദ്യാലയങ്ങളിൽ നിന്നും പുറത്തുവരുന്ന ആളുകൾ ഇന്നു് കുന്നിന്മേൽ കരുവന്നപോലെ കൂടുതൽ തൊഴിലില്ലായ്മ പ്രശ്നം അനുഭവിച്ചുകൊണ്ടിരിക്കുകയാണു്. കേന്ദ്രഗവണ്മെന്റിനു് ഇക്കാര്യത്തിൽ യാതൊരു ഉത്തരവാദിത്വവുമില്ലെന്നു ചൂണ്ടിക്കാണിക്കാനാണു് ഞാൻ ഇതൊക്കെ പറഞ്ഞതു്. സാങ്കേതിക വിദ്യാഭ്യാസം നേടിയിട്ടുള്ള ആളുകൾക്കു് തൊഴിൽ ഉണ്ടാക്കിക്കൊടുക്കാൻ ശ്രമിക്കേണ്ടതാണു്. ഈ വക കാര്യങ്ങളുമായി മുന്നോട്ടു പോകുന്നതിനുള്ള ഉത്തരവാദിത്വം കേന്ദ്രഗവണ്മെന്റിനാണു്. അതിനു വേണ്ടി ഈ ഗവണ്മെന്റു് കേന്ദ്രഗവണ്മെന്റിന്റെ മേൽ സമ്മർദ്ദം ചെലുത്തണമെന്നു പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എ. എസ്. പുരുഷോത്തമൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിൽ കേന്ദ്രഗവണ്മെന്റു് ''അംഗീകാരം നൽകാത്തതുമൂലം'' എന്നതിനുപകരം കേന്ദ്രഗവണ്മെന്റിന്റെ അംഗീകാരം ലഭിക്കാത്ത''മൂലം എന്നു ഭേദഗതി ചെയ്യുക. നമ്മുടെ രാജ്യത്തെ ഇന്നത്തെ സാഹചര്യത്തിൽ കൂടുതൽ സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരെ ആവശ്യമുണ്ടു്. എന്നാൽ ഇന്നു് സാങ്കേതിക വൈദഗ്ദ്ധ്യം ലഭിച്ചവർക്കു് തൊഴിൽ ലഭിക്കുന്നതിനുള്ള സാദ്ധ്യത ഇല്ലാതിരിക്കുകയാണു്. നമ്മുടെ സംസ്ഥാനത്തു മാത്രമല്ല ഇത്തരം സ്ഥിതിവിശേഷം ഉള്ളതെങ്കിലും ഇന്നു് കേന്ദ്രം കേരളത്തോടു കാണിക്കുന്ന അവഗണനയുടെ കൂടി ഫലമായി സാങ്കേതിക വൈദഗ്ദ്ധ്യം ഉള്ളവരും ഇല്ലാത്തവരുമായിട്ടുള്ള ആളുകളുടെ ഇടയിൽ രൂക്ഷമായ തൊഴിലില്ലായ്മ ഉണ്ടായിരിക്കുകയാണു്. അവർക്കു് കൂടുതൽ തൊഴിൽ ലഭിക്കുന്നതിനുള്ള സാഹചര്യങ്ങളും ഉണ്ടാക്കുന്നതിനു് പുതുതായി എന്തെങ്കിലും വ്യവസായങ്ങളും വരേണ്ടതാവശ്യമാണു്. ഇക്കാര്യത്തിൽ തികഞ്ഞ അവഗണനയാണു് കേന്ദ്രഗവണ്മെന്റു് കാണിക്കുന്നതു്. കുറെ കൊല്ലങ്ങൾക്കു മുമ്പു് നമ്മുടെ കേരളത്തിൽനിന്നു് സാങ്കേതിക പരിജ്ഞാനം നേടിയിട്ടുള്ളവരും അല്ലാത്തവരുമായി ആയിരക്കണക്കിനു യുവാക്കൾ ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ പോയി തൊഴിൽ ചെയ്യാറുണ്ടായിരുന്നു. എന്നാൽ സമീപകാലത്തു് ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും കൂടുതൽ കൂടുതൽ സാങ്കേതിക വിജ്ഞാനം ഉള്ളവർ ഉണ്ടാകുന്നതുകൊണ്ടു് ആ സംസ്ഥാനങ്ങളിലുള്ളവർക്കുപോലും തൊഴിൽ ലഭിക്കാൻ സാദ്ധ്യതയില്ലാത്തതുകൊണ്ടു് നമ്മുടെ ആളുകൾക്കു് പണ്ടത്തെ പോലെ അവിടെ ജോലി ലഭിക്കുന്നില്ല.

എന്നുമാത്രമല്ല കേരളത്തിൽ നിന്നും ഏറ്റവും കൂടുതലായി ജോലിക്കുവേണ്ടി ചെല്ലുന്ന ആളുകളോടു് മഹാരാഷ്ട്ര സംസ്ഥാനത്തിലും മറ്റും അങ്ങേയറ്റം വിവേചനാപരമായിട്ടാണു് പെരുമാറുന്നതു്. അവർക്കു് അവിടെ ജീവിക്കുവാൻ പോലും നിവൃത്തിയില്ലാത്ത സാഹചര്യമാണു് ഉള്ളതെന്നു് നമുക്കറിയാൻ കഴിഞ്ഞി

ട്ടുണ്ട്. ഈ സംഘചര്യങ്ങൾക്കെല്ലാം പരിഹാരം ഉണ്ടാക്കുന്നതിനും നമ്മുടെ കേരളത്തിൽനിന്നും ഡിപ്ലമോ സമ്പാദിക്കുന്നവർക്ക് ഇൻഡ്യയിൽ മറ്റെവിടെയും ജോലി ചെയ്യാൻ സൗകര്യം ലഭിക്കുന്നതിനും വേണ്ടി നടപടികൾ സ്വീകരിക്കേണ്ടതാണ്. കേരളത്തിലെ തൊഴിലില്ലായ്മയ്ക്ക് അൽപ്പമെങ്കിലും ആശ്വാസം നൽകുന്നതിനും തൊഴിലില്ലാത്ത സാങ്കേതിക പരിജ്ഞാനമുള്ളവർക്ക് കുറേപ്പേർക്കെങ്കിലും തൊഴിൽ ലഭിക്കുന്നതിനും തടസ്സമായി നിൽക്കുന്ന ഈ അംഗീകാരത്തിന്റെ പ്രശ്നങ്ങളെല്ലാം പ്രമേയാവതാരകൻ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അക്കാര്യങ്ങളെല്ലാം ഇവിടെ ആവർത്തിച്ചു പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ പ്രമേയാവതാരകൻ ചൂണ്ടിക്കാണിച്ച ചില ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ ഗവണ്മെന്റ് സ്വീകരിക്കണമെന്നും അങ്ങനെ തൊഴിലില്ലാത്തവർക്ക് തൊഴിൽ ലഭിക്കാനുള്ള സൗകര്യമുണ്ടാക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. ഈ പ്രമേയത്തെ പൂർണ്ണമായും പിന്താങ്ങുന്നു.

ശ്രീ. ജി. ഗോപിനാഥൻ പിള്ള : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

In the resolution in the Sixth line for the word "നേരിടുന്നു" Substitute the word "നേരിട്ടുകൊണ്ടിരിക്കുന്ന" ഇതാണ് എന്റെ ഭേദഗതി.

നമ്മുടെ പല ഡിപ്ലമോകളും ഇൻഡ്യാഗവണ്മെന്റ് അംഗീകരിക്കാത്തതുകൊണ്ട് നമ്മുടെ സംസ്ഥാനത്തുനിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് പലവിധത്തിലുള്ള ബുദ്ധിമുട്ടുകളും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതോടൊപ്പം നമ്മുടെ സ്ഥാപനങ്ങൾക്ക് പാസ്സായിവരുന്ന ഡിപ്ലമോക്കാർക്ക് മുഴുവനും തൊഴിൽ കൊടുക്കാനുള്ള സൗകര്യവുമില്ല. ഈയൊരു പരിതഃസ്ഥിതിയെ നേരിടാൻ നമ്മുടേതായ ഒരു പദ്ധതി ആവിഷ്ക്കരിച്ചുകൊണ്ട് മുന്നോട്ടു പോകേണ്ടതാണ്. ഡിപ്ലമോകൾ നൽകുന്ന വളരെയധികം സ്ഥാപനങ്ങൾ നമുക്കുണ്ട്. അതെല്ലാം വളരെ ശരിയായ രീതിയിൽ ഗോട്ടികൂടി കൈകാര്യം ചെയ്തുകൊണ്ട് നമ്മുടെ ഡിപ്ലമോകൾ ഇൻഡ്യൻ വിദ്യാഭ്യാസരംഗത്തു് അംഗീകരിക്കത്തക്ക രീതിയിൽ വേണ്ടതെല്ലാം നിർവ്വഹിക്കേണ്ടതായ ചുമതല ഈ ഗവണ്മെന്റിനുണ്ട്. വളരെയധികം സാങ്കേതിക പരിജ്ഞാനമുള്ള ആളുകൾ ഇവിടെയുണ്ട്. അതുകൊണ്ട് നമ്മുടെ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളെല്ലാം പ്രൊഡക്ഷൻ സെന്ററുകളാക്കി മാറ്റണമെന്നു് ഒരു നിർദ്ദേശമുണ്ട്. അതിനുള്ള നടപടികളെടുത്തു കൊണ്ടിരിക്കുകയാണെന്നു് അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ നമ്മുടെ ഡിപ്ലമോക്കാർക്ക് ഇവിടെയായാലും വെളിയിലായാലും തക്ക ജോലി കിട്ടത്തക്കവണ്ണം ഡിപ്ലമോ അംഗീകരിക്കേണ്ടതു് അത്യാവശ്യമാണു്. അതിനായി ഗവണ്മെന്റു് മുൻകൈയെടുത്തു പ്രവർത്തിച്ചേ കഴിയൂ. മേലിൽ നമുക്കു് ആവശ്യമുള്ള സംഖ്യ അനുസരിച്ചു മാത്രമേ ഇങ്ങനെ ഡിപ്ലമോക്കാരെ ഇറക്കിവിടാവൂ എന്നും എനിക്കഭിപ്രായമുണ്ട്. കൂടുതലാളുകളെ കോളേജുകളിൽനിന്നും ഡിപ്ലമോകളും ഡിഗ്രികളും കൊടുത്തു് ഇറക്കിവിട്ടു് തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിക്കാത്ത ഒരന്തരീക്ഷം നടമാടിക്കൊണ്ടിരിക്കുന്ന ഈയവസരത്തിൽ കോളേജുകളിലെ പ്രവേശനം കുറച്ചു കുറയ്ക്കുന്നതാണെന്നാണു് ഞാൻ അഭിപ്രായപ്പെടുന്നതു്. അതോടൊപ്പം പാസ്സായിവരുന്ന ആളുകൾക്കു് അന്യസംസ്ഥാനങ്ങളിൽ തൊഴിൽ കിട്ടത്തക്കനിലയിൽ അംഗീകാരം നേടുന്നതിനുവേണ്ടി പ്രവർത്തിക്കേണ്ട സമയം സമാഗതമായിരിക്കുകയാണു്. അതിനു് ഗവണ്മെന്റു് മുൻകൈ എടുക്കണമെന്നു പറഞ്ഞുകൊണ്ടു് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ) : സർ. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള അവതരിപ്പിച്ച ഈ പ്രമേയത്തിലെ താൽപ്പര്യങ്ങളനുസരിച്ചു് ഡിപ്ലമോധാരികളുടെ വിഷമതകൾ പരിഹരിക്കുവാൻ ഗവണ്മെന്റിനു് സന്തോഷമേയുള്ളൂ. ഇതിനെസംബന്ധിച്ചു് സംസാരിച്ചുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പറന്മാർ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ, സാങ്കേതിക

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസം നേടിയവർക്ക് വേണ്ടത്ര ജോലി കിട്ടാനുള്ള വിഷമതകളും, കേന്ദ്ര ഗവണ്മെന്റ് കേരളത്തിലെ ഉദ്യോഗാർത്ഥികളോട് കാണിക്കുന്ന അവഗണന, ശിവസേനയുടെ ഈ അസുലഭ കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്തിലെ യുവാക്കൾക്ക് ഉദ്യോഗം കിട്ടാനുള്ള ബുദ്ധിമുട്ടുകളും മുതലായ പല വിഷയങ്ങളെ സംബന്ധിച്ചും പ്രതിപാദിക്കുകയുണ്ടായി. അവയെ പരാമർശിച്ച് ഞാൻ പ്രതിപാദിക്കാത്തത് ആ വിഷയങ്ങൾക്ക് പ്രാധാന്യം ഇല്ലാത്തതുകൊണ്ടാണെന്ന് ആരും വിചാരിക്കരുത്. ആ വിഷയങ്ങൾ പ്രധാനങ്ങളാണ്. എന്നാൽ അവ ഈ പ്രമേയവുമായി ബന്ധപ്പെടാത്തതുകൊണ്ടാണ് അവയെപറ്റി പരാമർശിക്കാത്തത്.

പിന്നെ എനിക്ക് പറയുവാനുള്ളത്, ഡിപ്ലമോധാരികളുടെ ഈ വിഷമതകൾ പരിഹരിച്ചാൽ അവർക്ക് ഉദ്യോഗങ്ങൾ കിട്ടാനുള്ള ഒരു മാന്ത്രികവടിയായിത്തീരും ആ സംഗതി എന്നുള്ള തെറ്റിദ്ധാരണ ആർക്കും വേണ്ട എന്നാണ്. സാങ്കേതികമായ വിഷമതകൾ പരിഹരിക്കുക മാത്രമാണ് ചെയ്യുന്നത്. അതു വ്യക്തമാക്കുവാൻ വേണ്ടി ഈ പ്രശ്നത്തിന്റെ പശ്ചാത്തലം മുഴുവനും ചുരുക്കിപ്പറയാൻ ഞാനാഗ്രഹിക്കുന്നു.

നമ്മുടെ പോളിടെക്നിക്കുകളിൽ നിന്നും പാസാകുന്ന വിദ്യാർത്ഥികൾക്കു നൽകുന്ന ഡിപ്ലമോ കേന്ദ്രഗവണ്മെന്റ് അംഗീകരിച്ചിട്ടില്ലെന്ന് ഒരു ധാരണ നിലവിലുണ്ട്. ആ ധാരണ ശരിയല്ല. യഥാർത്ഥത്തിലുള്ള നില ഇതാണ്. 1957 വരെ ഈ ഡിപ്ലമോ പരീക്ഷകളും നടത്തിയിരുന്നതും പാസ്സാകുന്ന കുട്ടികൾക്ക് ഡിപ്ലമോ നൽകിയിരുന്നതും തിരുവിതാംകൂർ സയൻസ് കോളേജ് ആയിരുന്നു. 1957-ൽ ആ നിലയ്ക്ക് ഒരു മാറ്റം ഉണ്ടായി. ഈ കാലഘട്ടത്തിലാണ് അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസബോർഡും സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസബോർഡും രംഗത്തു വന്നത്. പോളിടെക്നിക്കിലെ വിദ്യാഭ്യാസപരമായ ചുമതല അന്നു മുതൽ ഈ ബോർഡിന്റെ നിയന്ത്രണത്തിലായി. അതിനുശേഷം നൽകപ്പെട്ടിട്ടുള്ള എല്ലാ ഡിപ്ലമോകളും കേരളാഗവണ്മെന്റിന്റെ സാങ്കേതിക വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ തലക്കെട്ടോടുകൂടിയതും പബ്ലിക്ക് എക്സാമിനേഷൻ സെക്രട്ടറിയുടെ ഒപ്പോടുകൂടിയതും ആയിരുന്നു. ഡിപ്ലമോ നൽകുന്ന ഫോറത്തിനും ഇതിനകം മൂന്നുതവണ മാറ്റം ഉണ്ടായിട്ടുണ്ട് എന്നാൽ യഥാർത്ഥത്തിൽ അടിസ്ഥാനപരമായ യാതൊരു മാറ്റവും ഉണ്ടായിട്ടില്ല. ഈ കാലഘട്ടത്തിൽ കേരളാഗവണ്മെന്റിന്റെ ഔദ്യോഗിക ചിഹ്നത്തിൽ വരുത്തിയ മാറ്റങ്ങളും ഈ സർട്ടിഫിക്കറ്റിന്റെ ചിഹ്നത്തിലും വരുത്തിയിട്ടുണ്ട്. അതുപോലെതന്നെ വിദ്യാഭ്യാസ ഡയക്ടറുടെ ഓഫീസ് എന്നതിനു പകരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി നൽകുന്ന ഡിപ്ലമോ എന്നു മാറുകയും ചെയ്തിട്ടുണ്ട്.

നമ്മുടെ ഡിപ്ലമോയ്ക്ക് കേന്ദ്രഗവണ്മെന്റിന്റെ അംഗീകാരം ഇല്ല എന്ന വാദഗതിയുടെ അടിസ്ഥാനത്തിൽ ബോർഡർ റോഡ്സ് ഓർഗനൈസേഷന്റെ കീഴിൽ ജോലിചെയ്യുന്ന ഡിപ്ലമോക്കാർക്ക് പ്രമോഷനുകളും നൽകുന്നില്ലെന്നുള്ള കാര്യവും ഈ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ റോഡ്സ് ഓർഗനൈസേഷന്റെ ഈ തീരുമാനം ഇൻഡ്യാഗവണ്മെന്റിന്റെ വിദ്യാഭ്യാസമന്ത്രി കാര്യാലയത്തിൽനിന്നുള്ള ഒരു കത്തിന്റെ അടിസ്ഥാനത്തിലാണെന്ന മനസ്സിലാക്കാൻ കഴിഞ്ഞു. ഈ വിവരം ലഭിച്ച ഉടൻതന്നെ ഈ ഗവണ്മെന്റ് ഈ പ്രശ്നത്തിന്റെ എല്ലാ വശങ്ങളും അവതരിപ്പിച്ചുകൊണ്ട്, നമ്മുടെ ഡിപ്ലമോകൾക്ക് കേന്ദ്രഗവണ്മെന്റിന്റെ അംഗീകാരം ഉണ്ടെന്നുള്ള വസ്തുത ചൂണ്ടിക്കാണിച്ചുകൊണ്ട് ഇൻഡ്യാഗവണ്മെന്റിനു വിശദമായ ഒരു കത്തു 1969 മാർച്ച് മാസത്തിൽത്തന്നെ അയയ്ക്കുകയുണ്ടായി. ഇതിനെക്കുറിച്ച് ബോർഡർ റോഡ്സ് ഓർഗനൈസേഷന്റെ ഡയറക്ടർ ജനറലിനും വിശദമായ കത്തുകളും നമ്മുടെ ഗവണ്മെന്റ് എഴുതിയിട്ടുണ്ട്. ഈ സംസ്ഥാനത്തു മൂന്നു പ്രിമൻസ് പോളിടെക്നിക്കുകളും ഉൾപ്പെടെ 18 പോളിടെക്നിക്കുകളാണുള്ളത്. അതിൽ പതിനേഴെണ്ണത്തിനും കേന്ദ്രഗവണ്മെന്റിന്റെ അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസബോർഡിന്റെ അംഗീകാരമുണ്ട്. ഈ

LIBRARY ARCHIVES Kerala Legislative Assembly

പതിനേഴ സ്ഥാപനങ്ങളിൽനിന്നും പാസ്സാകുന്ന വിദ്യാർത്ഥികൾക്ക നൽകുന്ന ഡിപ്ലമോകളും കേന്ദ്രഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള ഒരു പോളിടെക്നിക്ക് കാഞ്ഞങ്ങാട്ടുള്ള സ്വാമി നിത്യാനന്ദ പോളി ടെക്നിക്കാണ്. മൂന്നു കൊല്ലം മുൻപാണ് ഇതു് ആരംഭിച്ചതു്. കഴിഞ്ഞവർഷമാണ് അവിടത്തെ വിദ്യാർത്ഥികളെ അവസാനവർഷ പരീക്ഷയ്ക്കു് എഴുതിയതു്. അവിടെനിന്നും പാസ്സായിട്ടുള്ള ആക്കും ഇതുവരെ ഡിപ്ലമോ നൽകിയിട്ടില്ല. ഈ സ്ഥാപനത്തിൻറെ അംഗീകാരക്കാര്യം ഗവണ്മെൻറിൻറെ പരിഗണനയിലിരിക്കുകയാണ്. ഈ സ്ഥാപനവും അംഗീകരിക്കുന്നതിനുവേണ്ടി കേന്ദ്രഗവണ്മെൻറിലേക്കു് താമസിയാതെ ഈ ഗവണ്മെൻറ് എഴുതുന്നതാണ്. മേൽപ്പറഞ്ഞ അംഗീകാരമുള്ള 17 പോളിടെക്നിക്കുകളിലെ വിദ്യാർത്ഥികൾക്കു് അവരുടെ അവസാനവർഷ പരീക്ഷയ്ക്കു ശേഷം നമ്മുടെ സംസ്ഥാന വിദ്യാഭ്യാസബോർഡു് നൽകുന്ന ഡിപ്ലമോ എന്ന നിലയിലാണ് കേന്ദ്രഗവണ്മെൻറ് നമ്മുടെ ഡിപ്ലമോകളെല്ലാം അംഗീകരിച്ചിട്ടുള്ളതു്. നമ്മുടെ സ്റ്റേറ്റിൽ എല്ലാ പബ്ലിക്ക് പരീക്ഷകളും ഗവണ്മെൻറ് പരീക്ഷാകമ്മിഷണറുടെ സെക്രട്ടറിയാണ് നടത്തുന്നതു്. അതിനാൽ ഈ ഡിപ്ലമോ പരീക്ഷകളും അദ്ദേഹം തന്നെയാണ് നടത്തുന്നതു്. അതുകൊണ്ടു് ഡിപ്ലമോകളും നൽകുന്നതു് പബ്ലിക്ക് എക്സാമിനേഷൻ ബോർഡിൻറെ സെക്രട്ടറി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടിയാണ്. ഇതു് നമ്മുടെ ഡിപ്ലമോകളും കേന്ദ്രഗവണ്മെൻറ് അംഗീകരിച്ചിട്ടുള്ളതാണോ അല്ലയോ എന്നുള്ള ഒരാശയക്കുഴപ്പം കേന്ദ്രഗവണ്മെൻറിൻറെ നിയമവകുപ്പുകളിലെ ചില ഉദ്യോഗസ്ഥന്മാർക്കുണ്ടായി. ഈ ആശയക്കുഴപ്പം ഒരു പരിധിവരെ ഡിപ്ലമോ നൽകാൻ ഉപയോഗിച്ചിട്ടുള്ള ഫോറത്തിൻറെ മാതൃകയുടെ പ്രത്യേകത കൊണ്ടും ഈ ഫാറംതന്നെ ഞാൻ നേരത്തേ പറഞ്ഞതുപോലെ മൂന്നു പ്രാവശ്യം മാറിയിട്ടുള്ളതുകൊണ്ടും വന്നിട്ടുള്ളതാണെന്നു് സമ്മതിക്കാം. നാം നൽകുന്ന ഡിപ്ലമോ ഫാറത്തിൽ വിദ്യാർത്ഥി പഠിച്ച വിദ്യാലയത്തിൻറെ പേരോ സംസ്ഥാന വിദ്യാഭ്യാസ ബോർഡിനു വേണ്ടിയാണെന്നോ ഉള്ള വിവരം ഉൾക്കൊള്ളിച്ചിട്ടില്ല. വിദ്യാലയത്തിൻറെ പേരു് ഡിപ്ലമോയിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ടു് കേന്ദ്രഗവണ്മെൻറ് അംഗീകരിക്കാത്ത വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കും ഇതേ ഡിപ്ലമോ തന്നെ നമ്മൾ നൽകുന്നുണ്ടെന്നു നിഗമനത്തിലാണ് കേന്ദ്രഗവണ്മെൻറ് ഈ സംശയം ഉന്നയിച്ചിട്ടുള്ളതു്. അംഗീകൃത വിദ്യാലയങ്ങൾക്കു സമാന്തരമായി അംഗീകാരം ഇല്ലാത്ത വിദ്യാലയങ്ങളും നാം നടത്തുന്നില്ല. അങ്ങനെ നടത്തുന്നുണ്ടെന്നും അവിടത്തെ വിദ്യാർത്ഥികൾക്കും ഇതേ ഡിപ്ലമോ തന്നെ നൽകുന്നുണ്ടെന്നും അവർ സംശയിക്കുന്നു. എന്നാൽ ഞാൻ നേരത്തേ പറഞ്ഞ 17 അംഗീകൃത വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കു മാത്രമേ നാം ഡിപ്ലമോ കൊടുക്കുന്നുള്ളൂ. കേന്ദ്രഗവണ്മെൻറിൽനിന്നും ഇതേസംബന്ധിച്ചു ലഭിച്ച ഒരു കത്തിൻറെ കോപ്പിയും അതിനുള്ള ഈ ഗവണ്മെൻറിൻറെ മറുപടിയും ഈ സഭയുടെ മേശപ്പുറത്തു് അംഗങ്ങളുടെ അറിവിനുവേണ്ടി വയ്ക്കുന്നതാണ്. ഈ സംസ്ഥാനത്തെ ഡിപ്ലമോക്കാരെ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകൾ നീക്കം ചെയ്യാൻ വിവരം ലഭിച്ച ഉടൻതന്നെ ആവശ്യമായ നടപടികളും ഈ ഗവണ്മെൻറ് കൈക്കൊള്ളുകയുണ്ടായി. ഈ ഗവണ്മെൻറ് നൽകുന്ന വിശദീകരണത്തിൻറെ വെളിച്ചത്തിൽ നമ്മുടെ ഡിപ്ലമോക്കാരുടെ പ്രശ്നം പരിഹരിക്കുവാൻ വേണ്ട നിർദ്ദേശം കേന്ദ്രഗവണ്മെൻറു നൽകുമെന്നു ഞാൻ പ്രത്യാശിക്കുന്നു. വേണ്ടിവന്നാൽ ശ്രീ. പി. ജി. പുരുഷോത്തമൻ പിള്ള ആവശ്യപ്പെട്ടതുപോലെ മന്ത്രി നിലവാരത്തിൽ എടുക്കാനും ഗവണ്മെൻറ് തയ്യാറാണ്. എന്നാൽ ആദ്യമായി ഒരുയർന്ന ഉദ്യോഗസ്ഥനെ ഡൽഹിയിൽ അയച്ചു് കേന്ദ്രഗവണ്മെൻറിനു് ഈ വിശദീകരണം നൽകേണ്ടുന്ന ആവശ്യമുണ്ടെങ്കിൽ അങ്ങനെ ചെയ്യാം. എന്നിട്ടും ഒരുപക്ഷേ കാലതാമസം വരികയാണെങ്കിൽ മന്ത്രി നിലവാരത്തിൽ ഈ പ്രശ്നം എടുക്കാൻ യാതൊരു വിഷമവും ഉണ്ടാകുകയില്ല. ഇവിടെ അംഗീകാരം ഉള്ള വിദ്യാലയങ്ങളിൽ നിന്നും പാസ്സാകുന്ന വിദ്യാർത്ഥികൾക്കു മാത്രമേ ഡിപ്ലമോ നൽകുന്നുള്ളൂ എന്ന സംഗതി കേന്ദ്രഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടാൽ ഈ സംശയം ദൂരീകരിക്കപ്പെട്ടുമെന്നാണ് എൻറെ

LIBRARY ARCHIVES Kerala Legislative Assembly

വിശ്വാസം. അതുകൊണ്ട് നമ്മുടെ ഈ ഡിമ്പ്രമോ അംഗീകരിച്ചിട്ടില്ലെന്നു പറയുന്നതു് പൂർണ്ണമായും ശരിയല്ല. ഈ ചില്ലറ തെറ്റിദ്ധാരണകളും നീക്കാൻ വേണ്ട ശ്രമങ്ങളും നടത്തുന്നതാണു്. കുത്തിടപാടുകളും കൊണ്ടു് പരിഹാരം കാണാമെന്നാണു് പ്രതീക്ഷിക്കുന്നതു്. എന്നിട്ടും ഫലപ്രദമാകുന്നില്ലെങ്കിൽ മന്ത്രി നിലവാരത്തിൽ നേരിട്ടു് കേന്ദ്രഗവണ്മെൻറിനു് വിശദീകരണം നൽകിക്കൊണ്ടു് വിഷമതകളും പരിഹരിക്കുവാൻ വേണ്ട നടപടികളും ഗവണ്മെൻറു കൈക്കൊള്ളുന്നതാണെന്നു ഈയവസരത്തിൽ ഉറപ്പു നൽകുന്നു. ഈ ഉറപ്പിന്റെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട മെമ്പർ പ്രമേയം പ്രസ്തുതചെയ്യുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള : ഒരിടക്കാല നടപടിയെന്നുള്ള നിലയിൽ ഇന്നയിന്ന വിദ്യാർത്ഥികളും പഠനം പൂർത്തിയാക്കിയതു് ഇന്നയിന്ന വിദ്യാലയങ്ങളിലാണെന്നു ഒരു സർട്ടിഫിക്കറു് കൊടുക്കാമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : ഒരിടക്കാല നടപടി ആവശ്യമില്ലാത്ത വിധം ഏതാനും ദിവസങ്ങൾക്കകം ഇതിനു പരിഹാരം ഉണ്ടാകുമെന്നാണു് ഗവണ്മെൻറിന്റെ പ്രതീക്ഷ.

The resolution was, by leave, withdrawn.

(ii) Implementation of a scheme for the welfare of fishermen

ശ്രീ. വി. എസ്. അച്യുതാനന്ദൻ : " മത്സ്യത്തൊഴിലാളികളുടെ ജീവിതപുരോഗതിക്കും, സുരക്ഷിതത്വത്തിനും വേണ്ടി ഒരു മത്സ്യത്തൊഴിലാളി സംരക്ഷണ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കാൻ ഗവണ്മെൻറു് അടിയന്തിരനടപടി കൈക്കൊള്ളണമെന്നും ഈ സഭ തീരുമാനിക്കുന്നു " എന്ന എന്റെ പ്രമേയം അവതരിപ്പിക്കുന്നു. സർ, നമ്മുടെ കേരളത്തിന്റെ പടിഞ്ഞാറൻപ്രദേശത്തു് ഏതാണ്ടു് മുനമ്പുമുതൽപ്പുറം മൈൽ നീണ്ടുവിസ്തൃതമായി കിടക്കുന്ന അറേബ്യൻസമുദ്രത്തിന്റെ തീരപ്രദേശങ്ങളിലും വേമ്പനാട്ടുകായലിന്റെ സമീപപ്രദേശങ്ങളിലും താമസിക്കുന്ന ലക്ഷക്കണക്കായ തൊഴിലാളികളും മത്സ്യം പിടിച്ചു് ഉപജീവനം കഴിച്ചുവരികയാണു്. അവർ ഇന്നു വളരെ ക്ലേശകരമായ ഒരു ജീവിതത്തിൽ കഴിഞ്ഞുവരികയാണു്. അവരുടെ ഈ ജീവിതത്തിനു് ആശ്വാസകരമായ അടിയന്തിരനടപടികളും എടുത്തേ മതിയാകൂ. ഇതിനെ ആസ്പദമാക്കിയുള്ളതാണു് ഈ പ്രമേയം.

സർ, ഈ തൊഴിലാളികളും ആലമാലകളെ നേരിട്ടു് ജീവനപ്പോലും പണയപ്പെടുത്തി പണിയെടുക്കുന്ന ഒരു വിഭാഗമാണെന്നു് നമുക്കറിയാം. ഇവർ ഉല്പാദിപ്പിക്കുന്ന മത്സ്യത്തിനു് നമ്മുടെ നാട്ടിൽ മാത്രമല്ല പരദേശത്തുനിന്നും കോടിക്കണക്കിനു രൂപ കിട്ടുന്നുണ്ടു്. കോടിക്കണക്കിനു് വിദേശനാണ്യം നമ്മുടെ രാജ്യത്തിനു നേടിത്തരാൻ സഹായിക്കുന്ന ഒരു അമൂല്യസമ്പത്താണു് അവർ ഉല്പാദിപ്പിച്ചുതരുന്ന ഈ മത്സ്യം. മത്സ്യരംഗത്തു് ഇൻഡ്യക്കു് പൊതുവേയുള്ള വരുമാനത്തിന്റെ ഏതാണ്ടു് എഴുപത്തഞ്ചു്, എൺപതു ശതമാനവും കേരളമാണു് നേടിക്കൊടുക്കുന്നതു്. നമ്മുടെ നാട്ടിന്റെ അഭിവൃദ്ധിയിൽ വളരെ ഗണനീയമായ ഒരു പങ്കാണു് പാടുപെടുന്ന ഈ വിഭാഗം തൊഴിലാളികളും വഹിച്ചുകൊണ്ടിരിക്കുന്നതെന്നുള്ളതു് ഏറ്റവും ഗൗരവത്തോടുകൂടി സ്മരിക്കേണ്ട ഒരു കാര്യമാണു്. നമ്മുടെ നാട്ടിനു് കോടിക്കണക്കിനു രൂപയുടെ വിദേശനാണ്യം നേടിത്തരുന്നു എന്നുള്ളതിനുപുറമേ, ഭക്ഷ്യകാര്യത്തിൽ ദുർദ്ദിക്ഷമായ നമ്മുടെ കേരളത്തിനു് ഈ ദുർഭിക്ഷത പരിഹരിക്കുന്നതിനു ഒരു പരിധിവരെ ഈ സമ്പത്തു് ഉപകരിക്കുന്നുമുണ്ടു്. അരിയോടൊപ്പം തന്നെ കപ്പയും മത്സ്യവും നാം ആഹരിക്കുന്നുണ്ടു്. ഈ കപ്പ ഭക്ഷിക്കുമ്പോൾ നമ്മുടെനാട്ടിൽ ചിലർ അതിനോടുകൂടി മുളകുകൂടി ഉപയോഗിക്കാറുണ്ടു് അങ്ങനെ കപ്പയും മുളകും സാധാരണ ഭക്ഷിക്കുന്നവരുടെ മുഖത്തുനോക്കിയാൽ, വികൃതമായി വിളറിയിരിക്കുന്നതു് രക്തമേശാത്ത ഒരു മുഖഭാവം കാണാൻ സാധിക്കും. എന്നാൽ രുചികരമായ മറ്റൊരു ഭക്ഷണരീതി നമ്മിൽ ഏറ്റ ആളുകൾക്കും പരിചയമുണ്ടു് ; കപ്പയും മത്സ്യവും.

LIBRARY ARCHIVES Kerala Legislative Assembly